ശ്രീ. എൻ. ജി. ചാക്കോ: പൊതുജനങ്ങളുടെ സഹകരണം വേണമെന്നുള്ള വ്യവസ്ഥ ഈ കാര്യത്തിൽ മാറ്റുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഇൻഡ്യാ ഗവണ്മെൻറാണ് തീരുമാനിക്കേണ്ടതു്. ഇൻഡ്യാഗവണ്മെൻറിൻെറ പ്രധാനമായ നിർദ്ദേശം പൊതുജനങ്ങളുടെ സഹകരണം ഈ കാര്യത്തിൽ അത്യാവശ്യമാണെന്നാണ്.

ആശുപത്രികളുടെ വികസനം.

* 205. [15] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ എത്ര ആശുപത്രികളുടെ വികസനം ഉൾപ്പെടുത്തിയിരുന്നു; ആശുപത്രികൾ ഏതെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): 8 ആശുപത്രികൾ.

1. സിവിൽ ആശുപത്രി, തൃശ്ശൂർ.
2. ഡിസ്പെൻസറി ആശുപത്രി, എറണാകുളം.
3. ഡിസ്പെൻസറി ആശുപത്രി, കൊല്ലം.
4. ഡിസ്പെൻസറി ആശുപത്രി, കോട്ടയം.
5. ഗവണ്മെൻറാശുപത്രി, മൂവാറ്റുപുഴ.
6. ഗവണ്മെൻറാശുപത്രി, ചങ്ങനാശേരി.
7. ഗവണ്മെൻറാശുപത്രി, ആലപ്പുഴ.
8. ഗവണ്മെൻറാശുപത്രി, മാവേലിക്കര.

ശ്രീ. യു. നീലകണ്ഠൻ: ഈ വികസനപദ്ധതികളിൽ ഗവണ്മെൻറ് എന്തെല്ലാമാണുദ്ദേശിക്കുന്നതു്?

ശ്രീ. എ. എ. റഹിം: കൂടുതൽ സൗകര്യങ്ങളും ആശുപത്രികളിൽ ഉണ്ടാക്കണമെന്നാണ് വികസനംകൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. യു. നീലകണ്ഠൻ: ചിറയിൻകീഴ് ആശുപത്രിയിൽ ആവശ്യമുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെയൊരു നിവേദനം ഉണ്ടായിരുന്നു.

അയിത്തോച്ചാടനം.

* 206. [16] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിത്താചാരം നിർമ്മാർജ്ജനംചെയ്യുന്നതിനു് ആസൂത്രണം ചെയ്തിട്ടുള്ള പ്രചരണപദ്ധതിയനുസരിച്ചു് എന്തെങ്കിലും തുക കേന്ദ്രഗവണ്മെൻറിൽനിന്നു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഡ്യാഗവണ്മെൻറിന്റെ പട്ടികജാതി സംരക്ഷണ കമ്മീഷണരുടെ, 1955 ജൂൺ മദ്ധ്യത്തോടുകൂടിയുള്ള സംസ്ഥാനസന്ദർശനവും, അയിത്താചാരദൂരീകരണപ്രവർത്തനങ്ങളുമായി വല്ല ബന്ധവുമുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പദ്ധതിക്കു ചുരുക്കത്തിൽ ഒരു വിശദീകരണം നൽകുവാൻ ദയവുണ്ടാകുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അയിത്താചാരം നിർമ്മാർജ്ജനംചെയ്യുന്നതിനു് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയനുസരിച്ചു് കേന്ദ്രഗവണ്മെൻറു് അൻപതിനായിരം രൂപാ ഈ കൊല്ലം അനുവദിച്ചിട്ടുണ്ടു്. അതു് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഇൻഡ്യാഗവണ്മെൻറിന്റെ പട്ടികജാതിസംരക്ഷണ കമ്മീഷണരുടെ 1955 ജൂൺമാസത്തെ സന്ദർശനഫലമായിൽ അയിത്താചാരദൂരീകരണപ്രവർത്തനത്തെപ്പറ്റി സംസാരിച്ചിട്ടുണ്ടു്.

(സി) അയിത്താചാരനിവാരണത്തിനുവേണ്ടി രാജ്യത്തിന്റെ നാനാഭാഗത്തും ഹരിജനങ്ങളും അല്പത്വമുള്ളവരുമായ വിദ്യാർത്ഥികളെ ഒരുമിച്ചു ജീവിക്കുന്നതിനുവേണ്ടി സജ്ജീകരിക്കത്തോടുകൂടിയ ഹോസ്റ്റലുകൾ തുടങ്ങുക, അയിത്താചാരനിർമ്മാർജ്ജനപ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കു് ഗ്രാൻറു കൊടുക്കുക, അയിത്താചാരത്തിനെതിരായി പ്രചരണം നടത്തുക, അയിത്താചാരം നിയമപ്രകാരം കുറ്റകരമാണെന്നു പ്രചരിപ്പിക്കുക, ഹരിജനങ്ങൾക്കു ചായപ്പീടിക, മുടിവെട്ടുന്ന സ്ഥലം മുതലായവയിൽ പ്രവേശനം കൊടുക്കുന്നതിനു പ്രേരിപ്പിക്കുക, മറ്റു ഹിന്ദുക്കൾ ഇടപഴകുന്ന സ്ഥലങ്ങളിൽ ഹരിജനങ്ങൾക്കു വീടും വച്ചു കൊടുത്തു് സമ്പർക്കം പുലർത്തുവാൻ അവസരം ഒരുക്കുക മുതലായവ ചെയ്യുന്നതിനാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

ആശുപത്രികൾ.

*207. [18] ശ്രീ. എം. ഐ. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ദയവുചെയ്തു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ വിവിധതാലൂക്കു് ഹെഡ്ക്വാർട്ടേഴ്സുകളിലുള്ള ആശുപത്രികൾ, നവീനരീതിയിലുള്ള എല്ലാവിധ സജ്ജീകരണങ്ങളും ഉള്ളവയാണോ;

(ബി) മേൽ പരാമർശിച്ചിട്ടുള്ള രീതിയിലുള്ള ആശുപത്രികളിൽ എത്ര എണ്ണത്തിൽ എക്സ്റേ സ്ഥാപിച്ചിട്ടുണ്ടു്; ഏതു ആശുപത്രികൾക്കു് ആംബുലൻസുവാഹനം ഉണ്ടു്;

(സി) തിരുവല്ലാതാലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സിലുള്ള ആശുപത്രിയിൽ ഈവിധ സൗകര്യങ്ങൾ ഉണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈവക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഗവണ്മെൻറു് ശ്രദ്ധിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) സംസ്ഥാനത്തെ വിവിധതാലൂക്കു് ഹെഡ്ക്വാർട്ടേഴ്സിലുള്ള ആശുപത്രികളിൽ നവീനരീതിയിലുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly